**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 432** **11-08-2021 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം-കാസർകോട് അർദ്ധ അതിവേഗ സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ, പുനരധിവാസം, നഷ്ടപരിഹാരം എന്നിവ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട ലിഡാർ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള വിശദമായ സർവ്വെ നടത്തുകയും ഇതനുസരിച്ച് സ്ഥലം ഏറ്റെടുക്കലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാമൂഹിക ആഘാത പഠനം, ഭൂമി ഏറ്റെടുക്കൽ, സെല്ലുകൾ രൂപീകരിക്കൽ അടക്കമുള്ള പ്രാഥമിക പ്രവർത്തങ്ങൾ വൈകാതെ ആരംഭിക്കും. സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കാൻ കേന്ദ്ര ധന മന്ത്രിക്ക് ജനുവരി 15, 2021 ന് നൽകിയ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 13265കോടി രൂപയാണ് സ്ഥലറ്റമേറ്റെടുക്കലിനും നഷ്ടപരിഹാരത്തിനുമായി കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1230 കോടി രൂപ പുന:രധിവാസത്തിനും 4460 കോടി രൂപ വീടുകളുടെ അറ്റകുറ്റപണിക്കുമാണ് ഉള്ളത്. ഇതിനുവേണ്ടിയുള്ള വായ്പയ്ക്കായി ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച അന്തിമഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി പരിസ്ഥിതിക്കുണ്ടാക്കുന്ന ആഘാതം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി കെ-റെയിൽ പഠനം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു പരിസ്ഥിതി ആഘാത പഠനം സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനം മുഖേന നടത്തിയിരുന്നു. സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) | ഈ പദ്ധതി സംബന്ധിച്ച ആശങ്കകളും ആക്ഷേപങ്ങളും പരിശോധിക്കുന്നതിന് നടപടി | (സി) | പദ്ധതി സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികളും |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ? | | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ